(ബി) ഒരു നിയോജക മണ്ഡലത്തിൽ ഒരു അംഗൻവാടിയെയാണ് മാതൃകാ അംഗൻവാടിയായി ഉയർത്തി കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകുന്നത്. ഇതിന് ഏറ്റവും കുറഞ്ഞത് 10 സെന്റ് സ്ഥലം ആവശ്യമാണ്. 23.75 ലക്ഷം രൂപയാണ് നിർമ്മാണ ചെലവ്. ഇതിൽ 17 ലക്ഷം രൂപ വകുപ്പ് വിഹിതവും 6.75 ലക്ഷം രൂപ ബന്ധപ്പെട്ട എം.എൽ.എ. വിഹിതവുമാണ്. പ്രസ്തുത കെട്ടിടം നിർമ്മിക്കുവാൻ ബന്ധപ്പെട്ട എം.എൽ.എ.-യുടെ ശിപാർശയും എം.എൽ.എ. വിഹിതം ലഭ്യമാക്കാമെന്ന സമ്മതവും ആവശ്യമാണ്.

(സി) കാസർഗോഡ് നിയോജക മണ്ഡലത്തിൽ മാതൃകാ അംഗൻവാടിക്കായി തിരഞ്ഞെടുത്ത മാധൂർ ഗ്രാമപഞ്ചായത്തിലെ അംഗൻവാടി സെന്റർ നമ്പർ 80-ന് സർക്കാർ ഭൂമി അനുവദിച്ച് കിട്ടുന്നതിന് ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

**ക്ഷേമപെൻഷനുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടി**

302 (T* 1776) ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കാലതാമസം ഒഴിവാക്കാനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര മാസത്തെ ക്ഷേമ പെൻഷൻ കുടിശ്ശിക ഇനി വിതരണം ചെയ്യാനുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്നതിനായി ഏറ്റവും ഒടുവിൽ തപാൽ വകുപ്പിന് കൈമാറിയ തുക എത്ര ; പ്രസ്തുത തുക എന്നാണ് കൈമാറിയത് ; ഇതിൽ എത്ര തുക വിതരണം ചെയ്യാതെ തപാൽ വകുപ്പിന്റെ കൈവശമുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly